**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം — ഇരിങ്ങാലക്കുട നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ആയ ശ്രീമതി.സീനാബായിയുടെ മുൻകാല സർവ്വീസ് പരിഗണിച്ച് ശമ്പളം പരിരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1714/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 25.05.2017

---

പരാമർശം :
1. 13/04/1987 ലെജി.ഒ.(എം.എസ്)നം.162/87/ തസ്വഭവ
2. 07/06/89 ലെ ജി.ഒ.(എം.എസ്)നം.55/89/തസ്വഭവ
3. 12/9/06 ലെ ജി.ഒ.(എം.എസ്)നം.211/06/തസ്വഭവ
4. നഗരകാര്യഡയറക്ടറുടെ 20.04.2017 തീയതിയിലെ ഇ 6-26855/2016 നം. കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ഇരിങ്ങാലക്കുട നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ആയ ശ്രീമതി.സീനാബായി 01.02.2003 ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ ചേരുന്നതിന് മുമ്പ് സിവിൽ ജുഡീഷ്യൽ വകുപ്പിൽ ഇരിങ്ങാലക്കുട മുൻസിഫ് കോടതി, സബ്ബ് കോടതി എന്നിവിടങ്ങളിൽ യഥാക്രമം ശിപായി, പ്രോസസ് സെർവർ തസ്തികകളിൽ സേവനമനുഷ്ഠിച്ച 19.08.1999 മുതൽ 31.01.2003 വരെയുള്ള കാലയളവിലെ സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകണമെന്ന് പരാമർശം (4) പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വിസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകുന്ന 13/7/1987 ലെ സ.ഉ.(എം.എസ്)നം.162/87/ തസ്വഭവ ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യമുള്ളതിനാലും ശ്രീമതി.സീനാബായി മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചത് (01.02.2003 ന് ) ടി ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടുള്ള 12/09/2006 ലെ സ.ഉ(എംഎസ്)നം.211/2006/ത.സ്വ.ഭ ഉത്തരവിന് മദ്ധ്യേ ആയതിനാലും ടിയാളുടെ മുൻ സർക്കാർ സർവ്വീസ് കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണത്തിന് അർഹതയുണ്ട്.

3. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകുന്നതിന് വ്യവസ്ഥയുള്ള പരാമർശം(1) ലെ ഉത്തരവിന്റെ പ്രാബല്യം 31/03/1984 നും 11/09/2006 നും മദ്ധ്യേ ആയതിനാലും ശ്രീമതി.സീനാബായി 01.02.2003 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചതിനാലും ടിയാൾ സിവിൽ ജുഡീഷ്യൽ വകുപ്പിൽ യഥാക്രമം ശിപായി, പ്രോസസ് സെർവർ തസ്തികകളിൽ സേവനമനുഷ്ഠിച്ച 19.08.1999 മുതൽ 31.01.2003 വരെയുള്ള കാലയളവിലെ റഗുലർ സർവ്വീസ് കണക്കിലെടുത്ത് ശമ്പളം പരിരക്ഷിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ഷിബു എ റ്റി**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( ശ്രീമതി.സീനാബായിയുടെ സേവനപുസ്തകവും ഉൾപ്പെടെ)

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി, ഇരിങ്ങാലക്കുട നഗരസഭ.

ശ്രീമതി.സീനാബായി,റവന്യൂ ഇൻസ്പെക്ടർ, ഇരിങ്ങാലക്കുട നഗരസഭ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ